# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 375

29-01-2019-ലെ മറുപടിയ്ക്ക്

**ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച ചെക്കുകൾ മടങ്ങിയ സാഹചര്യം**

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) പ്രളയക്കെടുതികൾക്ക് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച ചെക്കുകൾ മടങ്ങിയ സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ചെക്കുകളാണ് മടങ്ങിയതെന്നും ഇതിന്റെ ആകെ തുക എത്രയെന്നും വെളിപ്പെടുത്തുമോ; | പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ലഭിച്ച ചെക്കുകളിൽ 344 എണ്ണം മടങ്ങിയിട്ടുണ്ട്. ഇതിന്റെ ആകെ തുക 1,66,33,067/- രൂപയാണ്. (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി അറുപത്തിയേഴ് രൂപ മാത്രം). ടി ചെക്കുകളിൽ 44 പേരാണ് ഒരു ലക്ഷത്തിനുമേൽ തുകയുടെ ചെക്ക് നൽകിയിട്ടുള്ളത്. മടങ്ങിയ ചെക്കുകളിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ഇപ്പോൾ പേരുകൾ വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കില്ല. |
| ബി) ഇത്തരത്തിൽ മടങ്ങിയ ചെക്കുകൾ നൽകിയവരിൽ നിന്ന്, വാഗ്ദാനം ചെയ്ത തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | |
| സി) ഈ ചെക്കുകളിൽ ഒരു ലക്ഷത്തിലധികം തുകയുടെ ചെക്കുകൾ നൽകിയവരുടെ പേരുവിവരം വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ